പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുറ്റമറ്റതാക്കാൻ നടപടി

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4531

28.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എ. എ. അസീസ് | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് 2012-ലെ കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിലെ പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തെ തിരുവനന്തപുരം, കൊല്ലം,മലപ്പുറം, പാലക്കാട് ജില്ലകളിലെ 2006-07 മുതൽ 2011-12 വരെയുള്ള തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം സംബന്ധിച്ച് സി.എ.ജി തയ്യാറാക്കിയ പെർഫോർമൻസ് ആഡിറ്റ് റിപ്പോർട്ടിലെ പ്രധാന പരാമർശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു |
| (ബി) | ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | തൊഴിലുറപ്പ് പദ്ധതി കുറ്റമറ്റതാക്കാൻ അനുബന്ധം-2 ആയി പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

അനുബന്ധം-1

1. സംസ്ഥാനത്ത് തൊഴിലുറപ്പ് നിയമം രൂപീകരിക്കുന്നതിന് കാലതാമസം നേരിട്ടു.
2. ഗ്രാമ റോസ്ഗാർ സഹായകി (GRS) നെ നിയമിച്ചിട്ടില്ല.
3. തിരുവനന്തപുരം, കൊല്ലം, മലപ്പുറം, പാലക്കാട് ജില്ലകളിൽ ഭരണചെലവ് അനുവദനീയമായതിനേക്കാൾ കൂടുതൽ ചെലവാക്കി
4. തൊഴിലില്ലായ്മാ വേതനം നൽകിയിട്ടില്ല
5. ഇ.എം.എസ്, ഐ.എ.വൈ ഭവന പദ്ധതികളിൽ നിർമ്മിക്കുന്ന വീടുകളുടെ ഫൗണ്ടേഷൻ, തീരപ്രദേശങ്ങളിലെ മണ്ണിടിച്ചിൽ തടയൽ, റബ്ബർ പ്ലാന്റേഷൻ എന്നീ പ്രവൃത്തികൾക്ക് 97 ലക്ഷം രൂപ ചെലവാക്കി (2 ബ്ലോക്കുകളിൽ)
6. 5 ഏക്കറിൽ കൂടുതൽ ഭൂമിയുള്ള കർഷകരുടെ പറമ്പിൽ പ്രവൃത്തികൾ ഏറ്റെടുത്തു.
7. പ്രവൃത്തികൾ പൂർത്തിയാക്കാതെ പകുതിക്ക് ഉപേക്ഷിച്ചു (4 ലക്ഷം രൂപ ചെലവഴിച്ചു)
8. 0.37 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കോണ്ടൂർ ബണ്ടുകൾ ഇപ്പോൾ നിലവിലില്ല.
9. 2483.90 കോടി രൂപയുടെ പ്രവൃത്തികൾ സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശ പ്രകാരം മെറ്റീരിയൽ കംമ്പോണന്റ് ഉപയോഗിക്കാതെ ഏറ്റെടുത്തു.
10. ചില പ്രവൃത്തികളുടെ ഫോട്ടോഗ്രാഫ് എടുത്ത് സൂക്ഷിച്ചിട്ടില്ല.
11. സംസ്ഥാന/ജില്ല/ബ്ലോക്ക് തലങ്ങളിൽ പരിശോധന നടത്തുന്നതിന് വീഴ്ച വന്നിട്ടുണ്ട്.
12. വേതനം തെറ്റായി കണക്കാക്കി നൽകിയിട്ടുണ്ട്.

അനുബന്ധം-2

1. ലേബർ ബഡ്ജറ്റ് കൃത്യതയോടെ തയ്യാറാക്കി യഥാസമയം കേന്ദ്രത്തിന് സമർപ്പിക്കുകയും അംഗീകാരം നേടുകയും ചെയ്തിട്ടുണ്ട്.
2. ആവശ്യാധിഷ്ഠിതമായി തൊഴിൽ നൽകുന്നതിന് എല്ലാ പഞ്ചായത്തിലും ഷെൽഫ് ഓഫ് പ്രോജക്സ് തയ്യാറാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ട്. പ്രവൃത്തികളുടെ നിർവ്വഹണം, സമയബന്ധിതമായി വേതനം നൽകൽ എന്നിവ ഉറപ്പ് വരുത്തുന്നതിലേക്കായി നിലവിലുള്ള കരാർ ജീവനക്കാർക്ക് പുറമേ 60 ലക്ഷത്തിൽ കൂടുതൽ തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ അധികമായി ഡേറ്റാ എൻട്രി ഓപ്പറേറ്ററിനെയും, എഞ്ചിനീയർ/ ഓവർസീയർ എന്നിവരെയും നിയമിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട് അതോടൊപ്പം 2 കോടിയിലധികം തുക ചെലവഴിച്ച ഗ്രാമപഞ്ചായത്തുകളിൽ ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററെയും, ഒരു എഞ്ചിനീയർ/ ഓവർസീയറെയും നിയമിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.
3. ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകളിലെ അക്രഡിറ്റഡ് എഞ്ചിനീയർ/ ഓവർസീയർ, എന്നിവരുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സാങ്കേതികാനുമതി, മെഷർമെന്റ്/ ചെക്ക് മെഷർമെന്റ് എന്നിവയുടെ അധികാര പരിധി പുതുക്കി നിശ്ചയിച്ച് ഉത്തരവ് നൽകിയിട്ടുണ്ട്.
4. പദ്ധതി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഏകോപിപ്പിക്കുന്നതിനും വാർഡ് മെമ്പർ അധ്യക്ഷനായ കമ്മിറ്റി എല്ലാ ഗ്രാമപഞ്ചായത്ത് വാർഡുകളിലും രൂപീകരിച്ചിട്ടുണ്ട്.
5. പദ്ധതിയിലെ കൂലി വിതരണം കാര്യക്ഷമമാക്കുന്നതിലേക്കായി ഇലക്ട്രോണിക് ഫണ്ട് മാനേജ്മെന്റ് സിസ്റ്റം(ഇ-എഫ്.എം.എസ്) നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.
6. തൊഴിലുറപ്പ് പദ്ധതിയിലെ മേറ്റ്മാരുടെ തെരഞ്ഞെടുപ്പ് കൂടുതൽ സുതാര്യമാക്കുന്നതിനും നിർവ്വഹണമേൽനോട്ടത്തിനുള്ള പരിചയസമ്പന്നത ഉറപ്പാക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.
7. ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തിന് സഹായകരമായ വിധത്തിൽ സാധനസാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ

ഏറ്റെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്കായി, സാധനസാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിനിയോഗം എന്നിവ സംബന്ധിച്ച വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

8. തൊഴിലില്ലായ്മാ വേതനം നൽകുന്നതിനുള്ള കരട് ചട്ടങ്ങൾ തയ്യാറാക്കുന്നതിന് സർക്കാർ ഒരു സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി കരട് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.
9. പരിശോധനാ സംവിധാനം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ക്വാളിറ്റി മോണിറ്റർമാരെ നിയമിച്ചിട്ടുണ്ട്.
10. 2011 ലെ മഹാത്മാഗാന്ധി തൊഴിലുറപ്പ് ഓഡിറ്റ് ഓഫ് സ്കീം റൂൾസ് പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് ഫലപ്രദമാക്കുന്നതിലേക്കായി സ്വതന്ത്ര സോഷ്യൽ ഓഡിറ്റ് സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.
11. തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം കൂടുതൽ കാര്യക്ഷമവും പ്രയോജനപ്രദ വുമാക്കുന്നതിനും പദ്ധതി കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതിനും സഹായകരമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ശ്രീ.എം.മുരളി എക്സ് എം.എൽ എ. അദ്ധ്യക്ഷനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്.
12. തൊഴിലുറപ്പ് പദ്ധതിയ്ക്ക് മാത്രമായി ഗ്രാമീണ ഷെഡ്യൂൾ ഓഫ് റേറ്റ്സ് രൂപീകരിക്കുന്നതിനുള്ള വർക്ക് ടൈം & മോഷൻ പഠനം പൂർത്തീകരണ ഘട്ടത്തിലാണ്. പ്രസ്തുത റിപ്പോർട്ട് ലഭിച്ചാലുടൻ പരിശോധിച്ച് നിരക്കുകൾ വിജ്ഞാപനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

Dey